കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

പി.എൽ. നമ്പർ : **2/2009/ഡിഒഎം.** മലപ്പുറം
കാററഗറി നമ്പർ : **86/ 2006.** 17/02/2009

## വിജ്ഞാപനം

12/3/2007 - ലെ ഗസറ്റ് വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളിലും കേരള വാട്ടർ അതോറിറ്റി/കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവയിലും 3050-5230 രൂപ ശമ്പള നിരക്കിൽ എൽ.ഡി.ക്ലർക്ക് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്– പട്ടികവർഗ്ഗക്കാരിൽനിന്നു മാത്രം– കാറ്റഗറി നമ്പർ 86/2007) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 19/04/2008-ൽ നടത്തിയ ഒബ്ജക്റ്റീവ് മാതൃകയിലുള്ള (ഒ.എം.ആർ മൂല്യനിർണ്ണയം) പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്തുവാൻ അർഹതനേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

റജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി സാധ്യതാ പട്ടികയിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനതീയ്യതി, ജാതി, വിദ്യാഭ്യാസ യോഗ്യത മുതലായവ പരിശോധനക്ക് വിധേയമാക്കുന്നതാണ്. പരീക്ഷ എഴുതിയ അർഹരായ എല്ലാ ഉദ്യോഗാർത്ഥികളെയും ഈ ലിസ്റ്റിൽ സോപാധികം ഉൾപ്പെടുത്തിയിട്ടുണ്ട്.

റജിസ്റ്റർ നമ്പറുകൾക്ക് മുമ്പായി ' എം ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

## എൽ.ഡി.ക്ലർക്ക്(SR for ST) –വിവിധ വകുപ്പുകൾ – മലപ്പുറം ജില്ല

### മുഖ്യപട്ടിക

| | | | |
|---|---|---|---|
| 200002 | 200003 | 200004 | 200005 |
| 200006 | 200010 | 200011 | 200013 |
| 200014 | 200015 | 200016 | 200017 |
| 200019 | 200020 | 200021 | 200022 |
| 200023 | 200025 | 200026 | 200027 |
| 200028 | 200030 | 200031 | 200032 |
| 200033 | 200034 | 200035 | |

കുറിപ്പ്:1) അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിൽ റജിസ്ററർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധികമായിട്ടാണ് ഈ ലിസ്റ്റിൽ റജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുണ്ട് എന്നതുകൊണ്ട് മാത്രം റാങ്ക് ലിസ്റ്റിൽ ചേർക്കപ്പെടുവാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാന ത്തിലാണ് ഈ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പിന്നീട് ഉന്നയിക്കുന്ന അവകാശ ങ്ങളൊന്നും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

3) സംവരണാനുകൂല്യത്തിനായി ഉദ്യോഗാർത്ഥികൾ അവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും (ഈ ആവശ്യത്തിന് പുതിയതായി വാങ്ങിയത്) സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

4) വിമുക്തഭടൻമാർ, കായികതാരങ്ങൾ, എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

5) ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങളും പകർപ്പുമായി 26/2/2009-ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ മലപ്പുറം ജില്ലാ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും അവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ

1) ജനനതീയ്യതി : എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും).

2) വിദ്യാഭ്യാസയോഗ്യത : എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും).

3) ജാതി (സംവരണാനുകൂല്യത്തിന്) : ജാതി സർട്ടിഫിക്കറ്റ് (ഈ ആവശ്യത്തിന് പുതിയതായി വാങ്ങിയത്)(അസ്സലും പകർപ്പും)

4) കായികതാരങ്ങൾ : സ്പോർട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)

5) വിമുക്തഭടൻമാർ : ഡിസ്ചാർജ് സർട്ടിഫിക്കറ്റും പെൻഷൻ പേയ്മെന്റ് ഓർഡറും (അസ്സലും പകർപ്പും)

6) സർവീസിലുള്ള ഉദ്യോഗാർത്ഥികൾ: ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച രശീതി /നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്

7) പേര്, ജനനതീയതി, ഒപ്പ്, ജാതി എന്നിവയിലുള്ള വ്യത്യാസം : പേര്, ജനനതീയതി, ഒപ്പ്, ജാതിഎന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം (അസ്സലും പകർപ്പും)

8) മറ്റേതെങ്കിലും അർഹത : മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള പ്രമാണം (അസ്സലും പകർപ്പും)

മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനു ശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല

അസ്സൽ പ്രമാണങ്ങൾ പരിശോധിക്കുന്നതിനുള്ള സ്ഥലം,തീയതി,സമയം എന്നിവ ചുവടെ ചേർക്കുന്നു.

| സ്ഥലം | തീയതി | സമയം |
|---|---|---|
| **കെ.പി.എസ്.സി.ജില്ലാ ആഫീസ് മലപ്പുറം** | **26/02/2009** | **രാവിലെ 9 മണി** |

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

കെ.ശൈലജ
ജില്ലാ ഓഫീസർ,
കെ.പി.എസ്.സി.ജില്ലാ ആഫീസ്
മലപ്പുറം